**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +918289940615**

**Tel.+918289940598**
Consumer Helpline Number
**1916 [24X7] [Toll Free]**
pensionkwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

**നമ്പർ.കെ.ഡബ്ല്യൂ.എ -ജെ.ബി./618/2024 -പി.ഡി.സി.5** **തീയതി: 26-01-2025**

## സർക്കുലർ

വിഷയം: 2024-25 സാമ്പത്തിക വർഷത്തിലെ ഇൻകം ടാക്സ് ഫയലിംഗിനായി ടാക്സ് കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് സമർപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന : 07-01-2025 ലെ കേരള ജല അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ നിന്നുള്ള 17684/ഇ20/2020/കെ. ഡബ്ല്യൂ.എ നമ്പർ സർക്കുലർ

2024-25 സാമ്പത്തിക വർഷത്തിലെ ഇൻകം ടാക്സ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. ഈ സാമ്പത്തിക വർഷം മുതൽ പുതിയ റജീം ഡിഫോൾട്ട് ഓപ്ഷൻ ആയിരിക്കും. വാർഷിക വരുമാനം 7 ലക്ഷത്തിനു മുകളിൽ വരുന്ന പെൻഷൻകാരെല്ലാം നിർബന്ധമായും ടാക്സ് കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച മറ്റു നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 2024-25 സാമ്പത്തിക വർഷം മുതൽ പുതിയ ടാക്സ് റജീമിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 75,000/- രൂപ സ്റ്റാൻഡേർഡ് ഡിഡക്ഷൻ കൂടാതെ, ഏഴു ലക്ഷം വരെയുള്ള വരുമാനത്തിന് 2024 യൂണിയൻ ബഡ്ജറ്റ് പ്രകാരം 20,000/- രൂപ വരെ ടാക്സ് റിബേറ്റും ലഭിക്കും.

2) പഴയ ടാക്സ് റജിമിൽ 50,000/- രൂപ സ്റ്റാൻഡേർഡ് ഡിഡക്ഷനും അഞ്ച് ലക്ഷം വരെയുള്ള വരുമാനത്തിനു 12,500/-രൂപ ടാക്സ് റിബേറ്റും ലഭിക്കും.

3) 2024-25 വർഷത്തെ വരുമാനം കണക്കുകൂട്ടി ഇൻകം ടാക്സ് ആന്റിസിപ്പേറ്ററി സ്റ്റേറ്റ്മെൻറ് സമർപ്പിക്കുമ്പോൾ - നിശ്ചിത മാതൃകയിലുള്ള ടാക്സ് കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് (Form 16 part B), 12 BB ഫോം (Earnings and savings data), പാൻ കാർഡിൻറെ പകർപ്പ്, സ്വയം സാക്ഷ്യപ്പെടുത്തിയതോ/ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയതോ ആയ മറ്റ് പിന്തുണയ്ക്കുന്ന രേഖകൾ (Supporting documents) സഹിതം - **അക്കൗണ്ട്സ് ഓഫീസർ, പെൻഷൻ വിതരണ സെൽ, ജലഭവൻ, കേരള ജല അതോറിറ്റി, വെള്ളയമ്പലം, തിരുവനന്തപുരം** -695033 എന്ന മേൽവിലാസത്തിലേക്ക് 2025 ഫെബ്രുവരി 10 നകം ലഭിക്കത്തക്കവിധം സമർപ്പിക്കേണ്ടതാണ്.

(കവറിന് പുറത്ത് Income tax statement for the year 2024-25 എന്ന് രേഖപ്പെടുത്തേണ്ടതാണ്.)

*തപാൽ മുഖേനയോ, നേരിട്ടോ ടാക്സ് സ്റ്റേറ്റ്മെൻറ് സമർപ്പിക്കാവുന്നതാണ്. മറ്റ് രീതിയിലുള്ള

അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

4) 2025 ഫെബ്രുവരി 10 നു ശേഷം ലഭിക്കുന്ന അപേക്ഷകൾ, ടാക്സ് പരിധിയിൽ ഉൾപെട്ടിട്ടും സ്റ്റേറ്റ്മെൻറ് സമർപ്പിക്കാത്തവർ എന്നിവരുടെ നികുതി പ്രതീക്ഷിത വരുമാന നികുതി കണക്കാക്കൽ എന്ന പ്രക്രിയയിലൂടെ കണക്കാക്കി, (പുതിയ റജീംപ്രകാരം) നികുതി ഈടാക്കിയതിന് ശേഷമുള്ള പെൻഷനായിരിക്കും മാർച്ച് മാസത്തിൽ ലഭിക്കുക. ഇത്തരക്കാർക്ക് 2025 ജൂലൈ മാസത്തിൽ നടക്കുന്ന ഇ-ഫയലിംഗ് സമയത്ത് ഡിഡക്ഷനുകൾ നൽകി അധികനികുതി റീഫണ്ട് ചെയ്യാനാകും.

5) 2024-25 സാമ്പത്തിക വർഷത്തിലെ ആദായനികുതി കണക്കാക്കുമ്പോൾ മാർച്ച് മാസം നൽകുന്ന പെൻഷൻ തുകയേക്കാൾ കൂടുതൽ തുക ടാക്സ് വരുന്ന പക്ഷം, പെൻഷൻ മുഴുവനായും ഈടാക്കുന്നതാണ്.ശേഷം ബാക്കിയുള്ള ടാക്സ് തുക പെൻഷണർ നേരിട്ട് ഒടുക്കേണ്ടതും വിവരം ഈ ഓഫിസിൽ അറിയിക്കേണ്ടതുമാണ്.

6) 2024 മാർച്ചിനു ശേഷം വിരമിച്ച ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ജല അതോറിറ്റിയുടെ മറ്റ് ഓഫീസുകളിൽ നിന്നും ടാക്സ് ഈടാക്കിയിട്ടുണ്ടെങ്കിൽ ടി. ഓഫീസിൽ നിന്നുള്ള പേമെൻറ് വിവരങ്ങൾ (income tax monthly deduction receipt) ഉൾപ്പടെ ടാക്സ് സ്റ്റേറ്റ്മെൻറിനൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കാര്യം എല്ലാ പെൻഷൻകാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*നികുതി നേരിട്ട് ഇൻകം ടാക്സ് അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ അതിൻറെ റെസിപ്റ്റ് ടാക്സ് സ്റ്റേറ്റ്മെൻറിനൊപ്പം സമർപ്പിക്കേണ്ടതാണ്. രസീത് സമർപ്പിക്കാത്ത കാരണത്താൽ പെൻഷൻ സെല്ലിൽ നിന്നും വീണ്ടും ടാക്സ് ഈടാക്കി അടക്കുന്ന പക്ഷം ടി തുക ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്ത് മാത്രമേ തിരികെ ലഭിക്കുകയുള്ളൂ.

7) വാടക വീടുകളിൽ താമസിക്കുന്ന ജീവനക്കാർ വാടക ചീട്ട്, പ്രസ്തുത കെട്ടിടത്തിൻറെ ഇലക്ട്രിസിറ്റി ബില്ല് /വെള്ളക്കരത്തിൻറെ ബില്ല് എന്നിവയുടെ പകർപ്പ് സ്റ്റേറ്റ്മെന്റിനോടൊപ്പം സമർപ്പിക്കേണ്ടതും, ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വാടക നൽകുന്നുണ്ടെങ്കിൽ വീട്ടുടമയുടെ പാൻ കാർഡിൻറെ പകർപ്പും സമർപ്പിക്കേണ്ടതാണ്.

8) 2024-25 ലെ ഡിഡക്ഷനുകൾ 80C പ്രകാരം പരമാവധി 1.50 ലക്ഷം രൂപയാണ്. (പഴയ റജീം)

9) ഗാർഹിക വായ്പ എടുത്തിട്ടുള്ള ജീവനക്കാർ ലോണിൻറെ പലിശയും മുതലും ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുമ്പോൾ വീട് നിർമിക്കുന്ന സ്ഥലം സ്വന്തം പേരിലോ / തൻറെയും പങ്കാളിയുടെയും ഒരുമിച്ചുള്ള പേരിലോ ആയിരിക്കണം. ആയത് തെളിയിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കണം. കൂടാതെ ജോയിൻറ് ലോൺ ആണെങ്കിൽ തുകയുടെ പകുതി മാത്രമേ ഉൾപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

10) അകെ വരുമാനത്തിലുണ്ടാകുന്ന ഏതൊരു കുറവും പിന്തുണയ്ക്കുന്ന രേഖകളുടെ (Supporting documents) അടിസ്ഥാനത്തിലാകും കുറവ് ചെയ്യുക. പ്രസ്തുത രേഖകളുടെ അഭാവം നികുതി വർദ്ധനവിന് കാരണമാകുമെന്നതിനാൽ ആദായനികുതി സ്റ്റേറ്റ്മെൻറ് സമർപ്പിക്കുമ്പോൾ അതീവ ശ്രദ്ധ പാലിക്കുക.

11) പെൻഷൻകാരുടെ സൗകര്യാർത്ഥം 2025 ഫെബ്രുവരി മാസത്തിലെ പെൻഷൻവിതരണത്തിന് ശേഷം വാർഷിക പെൻഷൻ വിതരണ സ്റ്റേറ്റ്മെൻറ് (Up to February only) എല്ലാ ചീഫ് എഞ്ചിനീയർ / സൂപ്രണ്ടിങ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിലും ലഭ്യമാക്കുന്നതാണ്.

12) പുതിയ റജീം പ്രകാരം സ്റ്റേറ്റ്മെൻറ് സമർപ്പിക്കുമ്പോൾ ഏതെങ്കിലും ഡിഡക്ഷൻ നൽകുകയാണെങ്കിൽ പ്രസ്തുത ഡിഡക്ഷൻ ഇൻകം ടാക്സിലെ ഏത് സെക്ഷനിൽ ഉൾപ്പെടുന്നതാണെന്ന് പ്രത്യേകം പരാമർശിക്കേണ്ടതാണ്.

*പഴയ റജീം പ്രകാരമാണ് സ്റ്റേറ്റ്മെൻറ് സമർപ്പിക്കുന്നതെങ്കിൽ പ്രസ്തുത വിവരം പ്രത്യേകം സൂചിപ്പിക്കേണ്ടതാണ് .

*മാർച്ച് 1 ന തന്നെ TDS പിടിച്ച് അടയ്ക്കുന്നതിനാൽ അതിനുശേഷം യാതൊരു വിധത്തിലുമുള്ള ടാക്സ് റീഫണ്ട് അപേക്ഷകളും സ്വീകരിക്കുന്നതല്ല. ആയതിനാൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ കൃത്യമായ സ്റ്റേറ്റ്മെൻറ് പിന്തുണക്കുന്ന രേഖകൾ ഉൾപ്പടെ നല്കാൻ എല്ലാ പെൻഷൻകാരും പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്റ്റേറ്റ്മെൻറ് നൽകാത്ത പക്ഷം പുതിയ റജിം പ്രകാരം ടാക്സ് കണക്കാക്കി പെൻഷനിൽ നിന്ന് കുറവ് വരുത്തി അടക്കുന്നതാണ്.

2024 - 25 സാമ്പത്തിക വർഷത്തെ ഇൻകം ടാക്സ് സ്റ്റേറ്റ്മെൻറ് സമർപ്പിക്കുമ്പോഴുള്ള നികുതി നിരക്കുകൾ താഴെ സൂചിപ്പിക്കും പ്രകാരമാണ്.

NEW REGIME

| നികുതി ചുമത്താവുന്ന വരുമാനം | നികുതി നിരക്ക് |
|---|---|
| 3,00,000/- വരെ | ഇല്ല |
| 3,00,001/- മുതൽ 7,00,000/- വരെ | 5% (റിബേറ്റ് u/s 87A) |
| 7,00,001/- മുതൽ 10,00,000/- വരെ | 10% |
| 10,00,001/- മുതൽ 12,00,000/- വരെ | 15% |
| 12,00,001/- മുതൽ 15,00,000/- വരെ | 20% |
| 15,00,000/- ന മുകളിൽ | 30% |

***ഏഴ് ലക്ഷം വരെയുള്ള വരുമാനത്തിന് 20,000/- രൂപ വരെ ടാക്സ് റിബേറ്റ് ലഭിക്കും.**

OLD REGIME (ഡിഡക്ഷൻ ഉൾപ്പെടുത്താൻ കഴിയും )

| നികുതി ചുമത്താവുന്ന വരുമാനം | നികുതി നിരക്ക് |
|---|---|
| 60 വയസ്സ് വരെ | |
| 2,50,000/- വരെ | ഇല്ല |
| 2,50,001/- മുതൽ 5,00,000/- വരെ | 2,50,000/- ന മുകളിൽ വരുന്ന തുകയുടെ 5% |
| 5,00,001/- മുതൽ 10,00,000/- വരെ | 5,00,000/- ന മുകളിൽ വരുന്ന തുകയുടെ 20% + Rs.12,500/- |
| 10,00,000/- ന മുകളിൽ | 10,00,000/- ന മുകളിൽ വരുന്ന തുകയുടെ 30% + Rs.1,12,500/- |
| 60 നും 80 നും ഇടയിലുള്ളവർ (Senior Citizen) | |
| 3,00,000/- വരെ | ഇല്ല |
| 3,00,001/- മുതൽ 5,00,000/- വരെ | 3,00,000/- ന മുകളിൽ വരുന്ന തുകയുടെ 5% |
| 5,00,001/- മുതൽ 10,00,000/- വരെ | 5,00,000/- ന മുകളിൽ വരുന്ന തുകയുടെ 20% + Rs.10,000/- |

| | |
|---|---|
| 10,00,000/- ന്ന മുകളിൽ | 10,00,000/- ന്ന മുകളിൽ വരുന്ന തുകയുടെ 30% + Rs.1,10,000/- |
| 80 വയസ്സിന് മുകളിലുള്ളവർ (Super Senior Citizen) | |
| 5,00,000/- വരെ | ഇല്ല |
| 5,00,001/- മുതൽ 10,00,000/- വരെ | 5,00,000/- ന്ന മുകളിൽ വരുന്ന തുകയുടെ 20% + Rs.10,000/- |
| 10,00,000/- ന്ന മുകളിൽ | 10,00,000/- ന്ന മുകളിൽ വരുന്ന തുകയുടെ 30% + Rs.1,00,000/- |

***അഞ്ച് ലക്ഷം വരെയുള്ള വരുമാനത്തിന് 12,500/- രൂപ വരെ ടാക്സ് റിബേറ്റ് ലഭിക്കും.**

ഇൻകം ടാക്സ് കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് ഉം 12 BB ഫോം ഉം ഇതോടൊപ്പം ചേർക്കുന്നു .

Shijith.V, FCA DISA
FM&CAO KWA

പകർപ്പ് :

1. എല്ലാ ചീഫ് എഞ്ചിനീയർ /സൂപ്രണ്ടിങ് എഞ്ചിനീയർ /എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയങ്ങളിലേക്കും
2. ഡി.ബി.എ - വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി .

Signed by Shijith V
Date: 26-01-2025 11:07:26